ഉത്തരം

(എ) ഉണ്ട്.

(ബി) ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

ജലഗതാഗതവകുപ്പുകൾ ഒറ മാനേജ്മെൻറിൻെറ കീഴിലാക്കുവാൻ നടപടി

1041 [1937] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ജല ഗതാഗത വകുപ്പുകൾ ഒറ മാനേജുമെൻറിൻെറ കീഴിലാക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(സി) എന്നത്തേക്ക് ഈ പുതിയ സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു?

ഉത്തരം

(എ, ബി, സി) ജലഗതാഗത രംഗത്ത് ഇന്ന് പ്രവർത്തിച്ചുവരുന്ന വിവിധ ഏജൻസികളെ ഏകോപിപ്പിച്ച് ഒരു ജലഗതാഗത അതോറിറ്റി രൂപീകരിക്കുന്നതിൻെറ സാദ്ധ്യതകൾ ആരായാൻ വേണ്ടി ഒരു കോ-ഓർഡിനേഷൻ കമ്മിറ്റിക്കു രൂപം നൽകിയിട്ടുണ്ട്. ഇക്കാര്യത്തെ സംബന്ധിച്ചുള്ള അന്തിമ തീരുമാനം ആയിട്ടില്ല.

എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. പ്രകാരം തിരുവനന്തപുരം ജില്ലയിൽ ചെലവഴിച്ച തുക

1042 [1938] ശ്രീ. എൻ. ശക്തൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി.പി. എന്നീ പദ്ധതി പ്രകാരം 1982-83 മുതൽ 1985-86 സാമ്പത്തിക വർഷംവരെ തിരുവനന്തപുരം ജില്ലയിലെ ഓരോ ബ്ലോക്കിലും എത്ര രൂപാ വീതം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഏറ്റവും കുറച്ചു രൂപ ചെലവഴിച്ചിരിക്കുന്ന ബ്ലോക്കുകളിൽ കൂടുതൽ വികസന പ്രവർത്തനം നടത്തുന്നതിന് ഈ സാമ്പത്തിക വർഷം കൂടുതൽ തുക അനുവദിക്കുമോ?

ഉത്തരം

(എ) ബ്ലോക്ക് തിരിച്ചുള്ള വിവരം ഇതോടൊപ്പം ചേർത്തിട്ടുണ്ട്.*

(ബി) കേന്ദ്ര സർക്കാരിൻെറ മാർഗ്ഗനിർദ്ദേശപ്രകാരമാണ് ബ്ലോക്കുകൾക്ക് തുക അനുവദിക്കുന്നത്. ഇതിൽനിന്നും വ്യതിചലിക്കുവാൻ നിർവ്വാഹമില്ല.

*അനുബന്ധം—III

LIBRARY ARCHIVES Kerala Legislative Assembly